# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021മാർച്ച് 4

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും മാർച്ച് അഞ്ചിന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ മാർച്ച് എട്ടിന് നടക്കും. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/319/2021)

## അപേക്ഷ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ് സി./ എം.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ - 2019 അഡ്മിഷൻ റഗുലർ/2015, 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 18 വരെയും 525 രൂപ പിഴയോടെ മാർച്ച് 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ് സി./ എം.കോം പ്രൈവറ്റ് (2004-2011 - നോൺ സി.എസ്.എസ്. - അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) റഗുലർ (കോളേജ്) പരീക്ഷകളും ഇതോടൊപ്പം നടക്കും. സ്പെഷൽ മേഴ്സി ചാൻസ് ഫീസ് 5000 രൂപ അടച്ചവർ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2014 അഡ്മിഷൻ) 5250 രൂപ സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. എം.എസ് സി. (സപ്ലിമെന്ററി, മേഴ്സി ചാൻസ്) അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ)നും എം.എ./എം.കോം. (സപ്ലിമെന്ററി, മേഴ്സി ചാൻസ്) അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ)നും നേരിട്ട് നൽകണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/320/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷയുടെ കെ.ഇ. കോളേജ് മാന്നാനം - ബി.എസ് സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ട്രിപ്പിൾ മെയിൻ, കെ.എം.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് തൃക്കാക്കര - ബി.എസ് സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈനിംഗ് മോഡൽ 3 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/321/2021)

2020 ഫെബ്രുവരിയിൽ നടന്ന മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളുടെ 2019 നവംബറിലെ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷഫലം (റഗുലർ, സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/322/2021)

**നജീബ് എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)